## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1994 17-03-2015 ന് മറുപടിയ്ക്ക്

### വനാവകാശ നിയമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. കെ. ബാലൻ | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ആദിവാസികൾക്ക് വനഭൂമി പതിച്ചു നൽകി ഭൂമിയിലുള്ള അവകാശം ഉറപ്പാക്കുന്ന നിയമം സംസ്ഥാനത്ത് എന്ന് മുതലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) ആദിവാസികളുടെ കൈവശഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്ന നിയമം 01-01-2008 മുതലാണ് നടപ്പാക്കി തുടങ്ങിയത്. |
| (ബി) വനാവകാശ നിയമം നടപ്പാക്കുന്നതിന് എത്ര ഏക്കർ ഭൂമിയാണ് കേന്ദ്രം സംസ്ഥാനത്തിനു വിട്ടു നൽകിയത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (ബി) വനാവകാശ നിയമം നടപ്പാക്കുന്നതിന് കേന്ദ്രം സംസ്ഥാനത്തിനു വനഭൂമി വിട്ടു നൽകിയിട്ടില്ല. ആദിവാസികൾക്ക് വനഭൂമിയിലുള്ള അവകാശം സ്ഥാപിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത്. |
| (സി) ഇതിൽ എത്ര ഏക്കർ ഭൂമിയാണ് ഇതുവരെ വിതരണം ചെയ്തത്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) വനാവകാശ നിയമ പ്രകാരം ഇതുവരെ 33069.8687 ഏക്കർ വനഭൂമിക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) 2006 മെയ് മുതൽ 2011 മേയ് വരെ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ഡി) 2011 മെയ് വരെ 20502.22 ഏക്കർ വനഭൂമിക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) 2011 ജൂണിന് ശേഷം ഇതുവരെ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ഇ) 01-06.2011 മുതൽ 31.01.2015 വരെ 12567.6487 ഏക്കർ വനഭൂമിക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) വനാവകാശ നിയമ പ്രകാരം കേന്ദ്രം അനുവദിച്ച എത്ര ഏക്കർ ഭൂമി ഇനി വിതരണം ചെയ്യാനുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (എഫ്) വനാവകാശ നിയമ പ്രകാരം കേന്ദ്രം സംസ്ഥാനത്തിനു വനഭൂമി വിട്ടു നൽകിയിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല. |

Asitha

സെക്ഷൻ ഓഫീസർ

അനുബന്ധം

# വനാവകാശ നിയമ പ്രകാരം കൈവശരേഖ നൽകിയ വനഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക്

| ക്രമ നമ്പർ | ജില്ല | 31-05-2011 വരെ നൽകിയത് | 01-06-2011 മുതൽ 31-01-2015 വരെ നൽകിയത് | ആകെ നൽകിയത് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 4863.89 | 1614.4887 | 6478.3787 |
| 2 | കൊല്ലം | 936.00 | 47.76 | 983.76 |
| 3 | പത്തനംതിട്ട | 415.00 | 160.42 | 575.42 |
| 4 | കോട്ടയം | 1402.00 | 126.91 | 1528.91 |
| 5 | ഇടുക്കി | 5369.00 | 8334.67 | 13703.67 |
| 6 | എറണാകുളം | 584.73 | 1315.16 | 1899.8993 |
| 7 | തൃശ്ശൂർ | 667.15 | 138.32 | 805.47 |
| 8 | പാലക്കാട് | 1334.52 | 238.48 | 1573.00 |
| 9 | മലപ്പുറം | 498.20 | 199.25 | 697.4508 |
| 10 | കോഴിക്കോട് | 6.87 | 0.00 | 6.87 |
| 11 | വയനാട് | 2970.71 | 256.34 | 3227.0562 |
| 12 | കണ്ണൂർ | 1454.15 | 135.85 | 1590.00 |
| | ആകെ | 20502.22 | 12567.6487 | 33069.885 |

Ajith
സെക്ഷൻ ഓഫീസർ